ദീപിക

12 January 2017



മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സത്രീകളുടെ സാമൂഹിക ശാക്തീകരണം ലക്ഷ്യമിട്ട് സിഎംഎഫ്ആർഐ നടത്തിയ തീരനൈപുണ്യ പരിശീലന പരിപാടിയിൽ പങ്കെടുത്തവർ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനോടൊപ്പം.

# മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു ശാക്തീകരണ പാഠം

കൊച്ചി: മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ശാക്തീകരണ പാഠം. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കുന്ന ബഹുമുഖ പരിശീലന പരിപാടിയായ തീരനൈപുണ്യ പദ്ധതിയിൽ 28 വനിതകൾക്കാണ് ഉപരിപഠനം, തൊഴിൽ, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് പുതിയ പാഠങ്ങൾ പഠിക്കാൻ അവസരം ലഭിച്ചത്.

ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) ചേർന്നാണ് സിഎംഎഫ്ആർഐ രണ്ടുമാസം നീണ്ടുനിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചത്.

തുടർവിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ വൈദഗ്ധ്യം, വ്യക്തിത്വ വികസനം, നേതൃത്വപാടവ ശേഷി, സംരംഭകത്വം, ആശയവിനിമയ ശേഷി, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ വൈവിധ്യമായ മേഖകളിലാണു യുവതികൾക്കു പരിശീലനം നൽകിയത്.

ആദ്യത്തെ ഒരു മാസം 70 ഓളം വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസ്റും പരിശീലനവും അടുത്തമാസം അംഗങ്ങളുടെ അഭിരുചിക്കനുസരിച്ചു തെരഞ്ഞെടുത്ത മേഖലകളിൽ പ്രായോഗിക പരിശീലനവുമാണ് നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് സ്റ്റേഷൻ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അംഗങ്ങൾക്ക് സ്റ്റൈപെൻഡോടു കൂടി പരിശീലനം നൽകി.

രണ്ട് മാസത്തെ പരിശീലനത്തിലൂടെ ജീവിതത്തിൽ മുന്നോട്ടുപോകാനുള്ള ലക്ഷ്യബോധം കൈവരിക്കാനായെന്നു തീരനൈപുണ്യ പദ്ധതിയിൽ പങ്കെടുത്തവരിൽനിന്നു മികച്ച അംഗമായി തെരഞ്ഞെടുക്കപ്പെട്ട എം. എസ്. സൗമ്യ പറഞ്ഞു.